**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :1337** — **10/08/2017 ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി**

**ചോദ്യം**
**ശ്രീ.വി.ഡി.സതീശൻ**
**ശ്രീ.സണ്ണി ജോസഫ്**
**ശ്രീ.അനൂപ് ജേക്കബ്**
**ശ്രീ.എ.പി.അനിൽ കുമാർ**

**ഉത്തരം**
**ശ്രീമതി.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കാഷ്യൂ ബോർഡ് രൂപീകരിക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) തീരുമാനിച്ചിട്ടുണ്ട്. തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾക്ക് /കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കാൻ തീരുമാനിച്ചു. കമ്പനി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) സംസ്ഥാനത്ത് നിന്നും പുറത്തു നിന്നും കശുവണ്ടി സംഭരിക്കുന്നതിനും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും ബോർഡ് രൂപീകരിക്കുന്നത് സഹായ കമാകുമോ ; | (ബി) സംസ്ഥാനത്തിന് പുറത്ത് നിന്നും തോട്ടണ്ടി ഉല്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ബോർഡ് രൂപീകരണം സഹായിക്കും. |
| സി) കശുവണ്ടി ലഭ്യത വർദ്ധിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിന് എടുത്ത് കശുവണ്ടി കൃഷി ചെയ്യുന്നതിന് എടുത്ത തീരുമാനം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | സി) സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷിയിൽ താല്പര്യമുള്ള കർഷകരെ കണ്ടെത്തി കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കശുമാവ് കൃഷി വികസന ഏജൻസി 'കശുമാവ് പുതുകൃഷി' എന്ന പദ്ധതി വഴിയും സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കശുവണ്ടി തൊഴിലാളികൾ എന്നിവർ വഴി കശുമാവ് |

കൃഷിയിൽ അവബോധം സൃഷ്ടിച്ചു കൊണ്ട് 'മുറ്റത്തൊരു കശുമാവ്' എന്ന പദ്ധതി പ്രകാരവും കശുമാവിൻ തൈകൾ നൽകി കൃഷി വ്യാപിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 5 ഏക്കറിൽ കൂടുതൽ സ്ഥലമുള്ള കർഷകർക്ക് കശുമാവിൻതോട്ടം ഉണ്ടാക്കുന്നതിനായി കശുമാവിൻതൈകളും സ്ഥലം ഒരുക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപാദന ശേഷിയുള്ള 2 ലക്ഷം കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോർപ്പറേഷന്റെ 30 ഫാക്ടറികളിലായുള്ള 90 ഏക്കർ സ്ഥലത്ത് 3500 ഓളം കശുമാവ് തൈകൾ പുതുതായി നടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

കൃഷി,വനം,പട്ടികജാതി പട്ടികവർഗ്ഗക്ഷേമം,തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് തരിശായ സ്ഥലങ്ങളിലും നിലവിൽ അക്കേഷ്യ ഉൾപ്പെടെ പ്രകൃതിക്കിണങ്ങാത്ത മരങ്ങൾ വെച്ചുപിടിപ്പിച്ച സ്ഥലങ്ങളിലും നിയമാനുസൃതമായി കശുമാവ് കൃഷി ചെയ്യുന്ന കാര്യം പരിശോധിച്ചു വരികയാണ്. വനംവകുപ്പിന്റെ നേതൃത്വത്തിൽ കണ്ടെത്തിയ 300 ഏക്കർ സ്ഥലത്ത് 2017-18 ൽ തന്നെ കശുമാവ് കൃഷി ചെയ്യാൻ തീരുമാനിക്കുകയും അടുത്ത വർഷം അത് 5000 ഏക്കർ ആയി ഉയർത്താനും തീരുമാനിച്ചിട്ടുണ്ട്.

നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കശുമാവ് കൃഷി ചെയ്യാൻ അനുയോജ്യമായ സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് 2017-18

| | | |
|---|---|---|
| | | ൽ തന്നെ അവർക്ക് സംസ്ഥാന കശുമാവ് കൃഷി ഏജൻസി മുഖാന്തിരം കശുമാവ് തൈകൾ ലഭ്യമാക്കിയും സാങ്കേതിക സഹായങ്ങൾ നൽകി വരുന്നുണ്ട്.<br>കശുമാവ് എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് നിലവിൽ നിയമപരമായ തടസ്സങ്ങളി ല്ലാത്തതിനാൽ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (APK) യുമായി ഇക്കാര്യം ചർച്ച ചെയ്യുകയും അവർ കാഷ്യൂ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എ.പി.കെ.യിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് കാഷ്യൂ പ്ലാന്റേഷന് വേണ്ടിയുള്ള നടപടികൾ കേരളത്തിൽ വിപുലമായ തോതിൽ നടപ്പാക്കാൻ കഴിയുന്നതാണ്. റവന്യൂ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എസ്റ്റേറ്റ് ഉടമകളുടെ പ്രതിനിധികളുമായി ഇക്കാര്യം വിശദമായി ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.<br>ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിന് എടുത്ത് കശുമാവ് കൃഷി ചെയ്യുന്ന കാര്യം ആലോചിച്ചിരുന്നെങ്കിലും അവർ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ സ്വീകരിക്കാൻ സാധിക്കാത്തതിനാൽ ടി പദ്ധതി ഉപേക്ഷിച്ചിരിക്കുകയാണ്. |
| (ഡി) | കശുവണ്ടി ബോർഡ് വഴി നേരിട്ട് വിദേശ വ്യാപാര കരാർ ഉറപ്പിക്കുന്നതിലൂടെ കശുവണ്ടി മേഖലയിലെ ഇടത്തട്ടു കാരുടെ കുത്തക അവസാനി പ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണം തടയുന്നതിനും സാധ്യമാകുമോ ? | (ഡി) കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് മുഖാന്തിരം ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിലൂടെ കശുവണ്ടി മേഖലയിലെ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും മിതമായ നിരക്കിൽ തോട്ടണ്ടി ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**